(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മരുന്നുകളാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കുറവുള്ളത് ; വ്യക്തമാക്കാമോ ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജീവിതശൈലിരോഗചികിത്സയ്ക്കുവേണ്ട മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവൻരക്ഷാ മരുന്നുകൾ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾക്ക് വേണ്ട മരുന്നുകളുടെ ദൗർലഭ്യമാണ് ഉണ്ടായിരുന്നത്.

(സി) ആശുപത്രി മേധാവികൾ RSBY Fund വിനിയോഗിച്ചുകൊണ്ട് Local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച ഒരുകോടി രൂപയിൽ നിന്ന് 7 ലക്ഷം രൂപയും ആലപ്പുഴ ജില്ലയ്ക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുവദിച്ച 2 കോടി രൂപയിൽ 30 ലക്ഷം രൂപ ആലപ്പുഴ മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അത്യാവശ്യ ജീവൻ രക്ഷാ മരുന്നുകൾ വാങ്ങുന്നതിനായി പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോർപ്പറേഷനിൽ ലഭ്യമായ 176 ഇനം മരുന്നുകളിൽ അത്യാവശ്യമുള്ളവ ആശുപത്രിതലത്തിൽത്തന്നെ അടിയന്തരമായി വാങ്ങുന്നതിനുള്ള നിർദ്ദേശം 5-6-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 1856/2014/ആ.കു.വ പ്രകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ 2014-15 സാമ്പത്തിക വർഷത്തെ മരുന്നു സംഭരണത്തിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിയതിൽ 4-7-2014 വരെ 104-ഓളം മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ എത്തിച്ചേരുകയും അവ ആശുപത്രി കൾക്ക് വിതരണം നടത്തുകയുമുണ്ടായി. അതിൽ 31 ഇനം മരുന്നുകൾ 176-ന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്. 2014 ജൂലൈ അവസാനത്തോടെ ആദ്യ ഷെഡ്യൂൾ പ്രകാരം ഓർഡർ ചെയ്ത മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിച്ചേരും.

ജീവൻരക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് നടപടി

93 (6798) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവൻരക്ഷാ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ സംവിധാനങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസിൽ ഉൾപ്പെട്ട മരുന്നുകളുടെ വില ഡ്രഗ്സ് (പ്രൈസ് കൺട്രോൾ) ഓർഡർ 2013-ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി കാലാകാലങ്ങളിൽ നോട്ടിഫിക്കേഷൻവഴി നിയന്ത്രിക്കാറുണ്ട്. ഇപ്രകാരം 348 മരുന്നുകളുടെ വില നിയന്ത്രിച്ചിട്ടുണ്ട്.

(ബി) അലോപ്പതി മരുന്ന് ഉൽപ്പാദിപ്പിക്കുന്നത് ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് ആണ്.

(സി) കേന്ദ്ര നിയമത്തിലെ ഷെഡ്യൂൾ എം (Good Manufacturing Practices) പ്രകാരം ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനിയിൽ അവർ നിർമ്മിക്കുന്ന മരുന്നുകൾ പരിശോധിക്കാൻവേണ്ട സജ്ജീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതും നിർമ്മിക്കുന്ന ഓരോ ബാച്ചിൽപ്പെട്ട മരുന്നുകളും വിൽക്കുന്നതിന് മുമ്പ് കമ്പനിയിലെ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. ഇപ്രകാരം നിർമ്മാതാക്കൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയ മരുന്നുകൾ മാത്രമാണ് സംസ്ഥാനത്ത് വിതരണത്തിനെത്തുന്നത്. ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മരുന്നുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഗുണനിലവാര പരിശോധനയ്ക്കെടുക്കുകയും അത്തരം സാമ്പിളുകൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്നു.

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മരുന്നുകൾ ഷെഡ്യൂൾ എം. പ്രകാരം ഉൽപ്പാദിപ്പിക്കുന്ന കമ്പനികളിൽനിന്നുതന്നെ പരിശോധന നടത്തിയാണ് മെഡിക്കൽ ഷോപ്പുകൾ/ആശുപത്രികൾ എന്നിവിടങ്ങളിൽ എത്തിക്കുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഈ മരുന്നുകൾ റാൻഡമായി സാമ്പിളുകൾ എടുക്കുകയും, ലാബിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ പ്രസ്തുത മരുന്ന് നിർമ്മാണ കമ്പനികൾക്കെതിരെ വകുപ്പുതല/നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly